# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -152 — 26.09.2016-ൽ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>,, എം. നൗഷാദ്<br>,, രാജു എബ്രഹാം<br>,, എം. മുകേഷ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 256 കോടി രൂപയുടെ അഴിമതി നടന്നതായ ആരോപണങ്ങളെ കുറിച്ചുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20.01.2015 തീയതിയിൽ രജിസ്റ്റർ ചെയ്ത വി.സി.01/2015/എസ്.ഐ..യു. 1 എന്ന കേസിന്റെ അന്വേഷണം നടന്നു വരുന്നു. |
| (ബി) അഴിമതി ആരോപിതർ ആരെല്ലാമാണ്; ആർ ക്കൊക്കെ എതിരെയാണ് കേസ് എടുത്തിരിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (ബി) വി.സി,01/2015/എസ്.ഐ.യു-1 എന്ന കേസിലെ പ്രതികൾ താഴെ പറയുന്നവരാണ്.<br>1. മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ, ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി) ലിമിറ്റഡ്.<br>2. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.<br>3. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ |

(മാർക്കറ്റിംഗ്), ടി.ടി.പി ലിമിറ്റഡ്.

4. ശ്രീ.എ.എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി ലിമിറ്റഡ്.
5. ശ്രീ.തോമസ് മാത്യൂ മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്,
6. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി ലിമിറ്റഡ്.

| | |
|---|---|
| (സി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ആസ്ഥാനത്ത് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ വെളിപ്പെടുത്താമോ; ഇതിന്റെ അടിസ്ഥാനത്തിൽ കേസ് ഊർജ്ജിതമാക്കി അഴിമതിക്ക് കൂട്ടുനിന്നവരേയും കാരണക്കാരുമായ ഉന്നതാധികാരികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അന്വേഷണത്തിന്റെ ഭാഗമായി ട്രാവൻകൂർ, ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി) ലിമിറ്റഡിൽ വാങ്ങിയ ഉപകരണങ്ങളെ സംബന്ധിച്ച് 22.07.2016, 23.07.2016 എന്നീ തീയതികളിൽ വിദഗ്ദൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പരിശോധന നടത്തി റിപ്പോർട്ട് 28.07.2016-ൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസ് അന്വേഷണ അവസ്ഥയിലാണ് കേസ് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി എല്ലാ പ്രതികളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ